No/10/2019/SRG/LSGD(5)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം
## 24.10.2019 ന് രാവിലെ 10.30 മണിക്ക്
## സെക്രട്ടേറിയറ്റ് അനക്സ് 1-ലെ ബോധി ഹാളിൽ

### അജണ്ട

**1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം**

**2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.2 29.08.2019 ലെ കോർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.2 (3.7)**

ലൈഫ് ഭവന പദ്ധതി നടത്തിപ്പ സംബന്ധിച്ച് കൃത്യമായ ഒരു അവലോകന റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് നൽകണം. റിപ്പോർട്ടിൽ ലൈഫ് ഭവന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രശ്നങ്ങളും മറ്റും വിശദമായി ഉൾക്കൊള്ളിക്കണം.

റിപ്പോർട്ട് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ സി.ഇ.ഒ അവതരിപ്പിക്കും

**നടപടി – 1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**

**2.2 (3.10)**

വനിതാ ശിശു വികസന പ്രോജക്ടുകൾ സാമൂഹ്യനീതി വകുപ്പാണ് നിർവഹണം നടത്തിയിരുന്നത്. എന്നാൽ വനിതാ ശിശു വികസനത്തിന് പ്രത്യേക വകുപ്പ് ഇപ്പോൾ രൂപീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സാമൂഹ്യനീതിയുമായി ബന്ധപ്പെട്ടതും വനിതാ ശിശുവികസനത്തിന്റേയും പ്രോജക്ടുകൾ നിർവഹണം നടത്താനും വെറ്റിംഗ് നടത്താനുമുള്ള ചുമതല നിശ്ചയിച്ച് ആവശ്യമായ ക്രമീകരണം സുലേഖ/സാംഖ്യ സോഫ്റ്റ് വെയറിൽ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ജില്ലാ പഞ്ചായത്തിന്റെ വനിതാ ശിശുവികസന മേഖലയിലെ പ്രോജക്ടുകൾ ജില്ലാ ഓഫീസർ, വനിത ശിശു വികസനം ആണ് നിർവഹണം നടത്തേണ്ടത്. എന്നാൽ ഈ ഉദ്യോഗസ്ഥന് DDO കോഡ് ഇല്ല. അതിനാൽ വനിതാ ശിശു വികസനം ജില്ലാ ഓഫീസർക്ക് DDO കോഡ് അനുവദിക്കുന്നതു സംബന്ധിച്ച ഫയൽ അടിയന്തിരമായി ധനവകുപ്പിനു നൽകണം.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) വനിതാശിശു വികസന വകുപ്പ്**
**3) ധനവകുപ്പ്**

2.2 (4.4)

**നിലമ്പൂർ നഗരസഭ**

**ബഹു. രാജ്യസഭാ എം.പി ശ്രീ അബ്ദുൾ വഹാബ്.വി.യുടെ കത്തും നിലമ്പൂർ നഗരസഭാ**

**സെക്രട്ടറിയുടെ 18.04.2018-ലെ G2/G3-3507/17-ാം നമ്പർ കത്ത് (SRG 708/2019)**

നഗരസഭയിലെ വിവിധ പ്രദേശങ്ങളിലായി 9 പട്ടികവർഗ്ഗ സങ്കേതങ്ങളും 13 പട്ടികജാതി സങ്കേതങ്ങളും ഉണ്ട്. ഇവിടത്തെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് ഫെസിലിറ്റേറ്റർമാരെ വയ്ക്കാനും അവർക്ക് പ്രതിമാസം 4000/- രൂപ വേതനം നൽകാനും അനുമതി സംബന്ധിച്ച്. ഇത് മലപ്പുറം പ്ലാനിംഗ് ഓഫീസർ വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകണം. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡിപി ഡിവിഷൻ ചീഫ് തുടർ നടപടി എടുക്കണം.

**നടപടി:- 1) ജില്ലാ പ്ലാനിംഗ് ഓഫീസർ മലപ്പുറം**
**2) ചീഫ് ഡിപി ഡിവിഷൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്**

2.2 (4.37)

**തളിപ്പറമ്പ് മുനിസിപ്പാലിറ്റി**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.06.2019 ലെ കത്തും 27.03.19 ലെ 16/16-ാം**

**നമ്പർ കൗൺസിൽ തീരുമാനവും (SRG 541/19- CC 344/19)**

2018- ലെ പ്രളയത്തിൽ തളിപറമ്പ് താലൂക്കാശുപത്രിയിലെ കാലപ്പഴക്കം ചെന്ന സെപ്റ്റിക് ടാങ്ക് പൊട്ടി തകർന്നിരുന്നു. അടിയന്തിര സ്വഭാവമുള്ളതായിരുന്നതിനാൽ ടെണ്ടർ നടപടി കൂടാതെ ഇത് ശരിയാക്കുന്നതിന് ഒരു സ്പോൺസറെ കണ്ടെത്തി കരാറുകാരനായ ശ്രീ സന്തോഷ് കുമാർ മുഖേന പ്രവൃത്തി നടത്തി. എന്നാൽ സ്പോൺസറായ ABC ഗ്രൂപ്പ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് നേരിട്ടു പണം നൽകിയതിനാൽ സ്പോൺസർഷിപ്പിൽ നിന്ന് പിന്മാറി. ഈ സാഹചര്യത്തിൽ വാല്യുവേഷൻ നടത്തികരാറുകാരന് തുക നൽകാൻ അനുമതി സംബന്ധിച്ച്.

തളിപ്പറമ്പ് മുനിസിപ്പൽ എഞ്ചിനീയറുടെ റിപ്പോർട്ട് യോഗം പരിഗണിച്ചില്ല. തദ്ദേശസ്വയംഭരണ വകുപ്പ് ചിഫ് എഞ്ചിനീയർ ഇത് നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് നൽകണം.

ശുചിത്വ മിഷനിൽ നിന്ന് ഇതിന്റെ തുക നൽകാൻ കഴിയുമോ എന്ന വിഷയത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

റിപ്പോർട്ട് :- 05.08.2019-ലെ ജി.ഒ.(ആർ.ടി) നം. 1678/2019/തസ്വഭവ പ്രകാരം നഗര പ്രദേശങ്ങളിലെ സ്കൂളുകളിലും വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും പ്രളയത്തിൽ നശിച്ചുപോയ ടോയ് ലറ്റുകൾ പുനർ നിർമ്മിക്കുന്നതിന് 96 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സർക്കാർ അനുവാദം ലഭിക്കുകയാണെങ്കിൽ ടി ഘടകത്തിൽ നിന്നും ശുചിത്വ കേരളം പദ്ധതിക്ക് തുക ലഭ്യമാക്കുന്ന മുറയ്ക്ക് തളിപ്പറമ്പ് താലൂക്ക് ഹോസ്പിറ്റലിലെ പ്രളയത്തിൽ തകർന്ന സെപ്റ്റിഗ് ടാങ്ക് പുനർ നിർമ്മിച്ച് തുക നൽകാൻ കഴിയും എന്നറിയിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടില്ല.

**നടപടി :- 1) ചീഫ് എഞ്ചിനീയർ ,**
**തദ്ദേശസ്വയംഭരണ വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ**

## 2.3 26.09.2019 ലെ കോർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.3(3.1.2)

അങ്കണവാടി ടീച്ചർമാർക്കും ആയമാർക്കും അധിക ഹോണറേറിയം നൽകുന്നതിനാവശ്യമായ വിഹിതം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തണം. തുക വകയിരുത്തിയിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾ ധനവകുപ്പ് അറിയിച്ച പ്രകാരമുള്ള തുക ട്രഷറിയിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണം.

എന്നാൽ വികസന ഫണ്ട് കുറവുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനുള്ള തുക തനതു ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ് ഇങ്ങനെ തനത് ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കുന്നവർക്ക് വികസന ഫണ്ടിൽ നിന്ന് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന നിബന്ധന ഒഴിവാക്കണമെന്ന് ധനവകുപ്പിനോടാ വശ്യപ്പെടാൻ തീരുമാനിച്ചു. ഇതിനുള്ള ഫയൽ അടിയന്തിരമായ ധനവകുപ്പിന്റെ പരിഗണനക്ക് നൽകണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

### 2.3 (3.1.3)

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ്, ബത്ത എന്നിവ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നൽകുന്നുണ്ട്. ഒരു കുട്ടിക്ക് ശരാശരി 22,000/- രൂപ മുതൽ 28,000/- രൂപ വരെ നൽകേണ്ടി വരും. 12 മാസവും ഇതു നൽകണമെന്നാണ് നിർദ്ദേശമെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം എല്ലാ മാസവും നൽകാത്ത ഗ്രാമപഞ്ചായത്തുകളും ഉണ്ട്. ഈ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് നൽകാവുന്നതാണ്. ഇതു സംബന്ധിച്ച ഉത്തരവ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 2.3(3.1.5)

പുതിയ അംഗനവാടികളുടെ നിർമ്മാണത്തിനും പഴയതിന്റെ അറ്റകുറ്റപ്പണിക്കും വനിതാ ശിശു വികസന വകുപ്പിൽ നിന്നും തുക അനുവദിക്കാറുണ്ട്. വനിതാ ശിശു വികസന വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും 60:40അനുപാതത്തിലാണ് തുക വകയിരുത്തേ ണ്ടത്. ഈ തുക പി.ഡബ്ല്യു.ഡി.യ്ക്ക് ഡെപ്പോസിറ്റ് ചെയ്ത് നിർമ്മാണം നടത്തണമെന്ന് വകുപ്പിന്റെ നിർദ്ദേശം സംബന്ധിച്ച്.

വനിതാ ശിശു വികസന വകുപ്പ നൽകുന്ന വിഹിതം തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറുന്ന രീതി ഭാവിയിൽ കൈക്കൊള്ളുന്നതിന് ബന്ധപ്പെട്ട വകുപ്പുതലത്തിൽ (തദ്ദേശസ്വയഭരണ വകുപ്പ്, വനിതാശിശു വികസനം, ധനവകുപ്പ്, പൊതുമരാമത്ത്) ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചു. ഇത് സംബന്ധിച്ച ഫയൽ ധനവകുപ്പിന് നൽകണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**2.3(3.1.7)**

2019-20- ൽ തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്ര ങ്ങളാക്കുന്നതിനും ചില കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം ആഴ്ചയിലെ 7 ദിവസവും 24 മണിക്കൂറാക്കാനും നാഷണൽ ഹെൽത്ത് മിഷൻ (NHM) ലക്ഷ്യമിടുന്നു. ഇപ്രകാരം ആകെ 504 കേന്ദ്രങ്ങളാണുള്ളത് (പ്രാഥമികാരോഗ്യകേന്ദ്രങ്ങളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും ചേർത്ത്). ഇതിന്റെ നിർമ്മാണ പ്രവർത്തനം NHM- ആണ് നടത്തുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ അധിക തുക ചെലവഴിക്കാൻ തയ്യാറാണെങ്കിൽ ഈ വിഹിതം NHM -ന് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകുന്നു. ഇതു സംബന്ധിച്ച തുടർ നടപടിക്കായി ഫയൽ ധനവകുപ്പിനു നൽകണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

2.3(3.3)

ത്രിതല തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്തമായി നടപ്പാക്കുന്ന പ്രോജക്ടുകളിൽ മുഖ്യ നിർവ്വഹണ തദ്ദേശ ഭരണ സ്ഥാപനത്തിന് മറ്റു തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുക കൈമാറുന്ന രീതിയായിരുന്നു നിലനിന്നിരുന്നത്. ഇതിനുപകരം അലോട്ട്മെന്റ് രീതിയിൽ തുക കൈമാറണമെന്ന് ധനവകുപ്പ് ഉത്തരവിറക്കി. ഇത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അസൗകര്യം ഉണ്ടാക്കും എന്നതിനാൽ കഴിഞ്ഞ വർഷം 31.03.2019 വരെ പഴയ രീതി തുടരുവാൻ ധനവകുപ്പ് അനുമതി നൽകിയിരുന്നു. ഈ വർഷം മുതൽ ധനവകുപ്പ് നിർദ്ദേശിച്ചിരുന്ന അലോട്ട്മെന്റ് രീതി നടപ്പാക്കുന്നതു സംബന്ധിച്ച് 29.08.2019-ലെ കോർഡിനേഷൻ കമ്മിറ്റി ചർച്ച ചെയ്തിരുന്നു. ഈ യോഗത്തിൽ നിർദ്ദേശിച്ച തുടർനടപടിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനമെടുത്തു.

തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്തമായി നടപ്പാക്കുന്ന പ്രോജക്ടുകളുടെ മുഖ്യ നിർവ്വഹണ ഏജൻസിയായുള്ള തദ്ദേശഭരണ സ്ഥാപനത്തിന് പങ്കാളികളായുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രകാരം അലോട്ട്മെന്റ് ഒറ്റത്തവണയായി നൽകണം. മുഖ്യ നിർവ്വഹണ സ്ഥാപനം റിക്വിസിഷൻ/ബിൽ തുക പ്രകാരം തുക ആവശ്യമനുസരിച്ച് അലോട്ട്മെന്റിൽ നിന്ന് ചെലവഴിക്കണം. ലൈഫ് പദ്ധതിയടക്കം വ്യക്തിഗത ഗുണഭോക്താക്കൾക്ക് തുക കൈമാറേണ്ട അവസരങ്ങളിൽ

ലഭ്യമായ അലോട്ട്മെന്റിൽ നിന്ന് തുക ഗുണഭോക്താവിന് നേരിട്ട് നൽകേണ്ടതാണ്.

മുഖ്യ നിർവ്വഹണ സ്ഥാപനത്തിന് അലോട്ടുമെന്റായി ലഭിക്കുന്ന തുക ചെലവഴിക്കുന്നതിന് ആവശ്യമായ ക്രമീകരണം സാംഖ്യ സോഫ്റ്റ് വെയറിൽ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ ചെയ്യണം.

ഇതു സംബന്ധിച്ച ഉത്തരവ് ധനവകുപ്പിന്റെ അനുമതിയോടെ നൽകണം.

നടപടി :- **1) തദ്ദേശസ്വയംഭരണ( എഫ്.എം) വകുപ്പ്**

2.3(3.4)

**കേരള ബ്ലോക്ക് പഞ്ചായത്ത് അസോസ്സിയേഷൻ**

**കേരള ബ്ലോക്ക് പഞ്ചായത്ത് അസോസ്സിയേഷൻ പ്രസിഡന്റിന്റെ 18.09.19-ലെ കത്ത്.**

ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിലേക്ക് ബ്ലോക്ക് പഞ്ചായത്ത് അസോസ്സിയേഷൻ പ്രതിനിധിയെ പങ്കെടുപ്പിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :** 04.10.2002- ലെ 163/2002/തസഭവ ഉത്തരവ് അനുസരിച്ച് ഡി.പി.സികളിൽ ബ്ലോക്ക് പഞ്ചായത്ത് അസോസ്സിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ജില്ലയിലെ ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും ഗ്രാമപഞ്ചായത്ത് അസോസ്സിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ജില്ലയിലെ രണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും പ്രത്യേകം ക്ഷണിതാക്കാളായിരിക്കുമെന്നും അവരെ ഡി.പി.സി യോഗങ്ങളിലേയ്ക്ക് ക്ഷണിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് അസോസ്സിയേഷനിൽ നിന്ന് നോമിനേറ്റ ചെയ്യുന്ന മുറയ്ക്ക് ഓരോ ജില്ലയിലും ഒരു പ്രതിനിധിയെ ഡി.പി.സി -യിൽ പങ്കെടുപ്പിക്കാൻ നിർദ്ദേശം നൽകുന്നു. ഇത് സംബന്ധിച്ച സർക്കുലർ

നടപടി :- **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

2.3 **(3.5)**

തദ്ദേശഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിലെ ജനറൽ വിഹിതം, പ്രത്യേക ഘടക പദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി എന്നീ വിഹിതങ്ങളുടെ ആകെ തുകയുടെ 20 ശതമാനത്തിൽ കുറയാതെയുള്ള വിഹിതം വിവിധ ഭവന പദ്ധതിക്കായി മാറ്റി വയ്ക്കണമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇപ്പോൾ ഹഡ്കോയ്ക്കുള്ള തിരിച്ചടവ് തുക ധനവകുപ്പ് 2-ാം ഗഡുവിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ട്. ഇങ്ങനെ കുറവ് ചെയ്ത തുക ലൈഫ് ഭവന പദ്ധതിയ്ക്കായി ഇതിനകം മാറ്റി വച്ചിരിക്കുന്ന വിഹിതത്തിൽ (വികസനഫണ്ടിന്റെ 20 ശതമാനത്തിൽ കുറയാത്ത തുക) ഉൾകൊള്ളി ക്കാവുന്നതാണ്. ധനവകുപ്പ കുറവ് ചെയ്ത തുക കൂടി കൂട്ടിചേർത്ത് ഭവന പദ്ധതിക്കുള്ള കുറഞ്ഞ വിഹിതം

ക്രമപ്പെടുത്താവുന്നതാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ താല്പര്യപ്പെടുന്നുവെങ്കിൽ ഭവന നിർമ്മാണ പദ്ധതിയ്ക്ക് കൂടുതൽ വിഹിതം ഉൾപ്പെടുത്തുന്നതിന് നിയന്ത്രണം ഇല്ല. ഇതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടും പ്രകാരം വേണ്ട ക്രമീകരണം ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ ചെയ്യണം. ഇത് സംബന്ധിച്ച സർക്കുലർ

**നടപടി :- 1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

## 2.3 (3.6)

എഞ്ചിനീയറിംഗ് മേഖലയിലെ പദ്ധതി പുരോഗതി ഉദ്ദേശിച്ച രീതിയിലെത്തിയില്ല എന്ന് യോഗം വിലയിരുത്തി. ജില്ലാതലത്തിൽ അസി.എഞ്ചിനീയർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ യോഗം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിളിച്ച് ചേർത്ത് പുരോഗതി അവലോകനം ചെയ്യണം. ഒക്ടോബർ 15-നകം എല്ലാ നിർമ്മാണ പ്രവർത്തികളും ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കണം. ജില്ലാതലത്തിൽ താഴെ പറയുന്ന വിവരങ്ങൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ അവലോകനം നടത്തണം. ഇതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് ചീഫ് എഞ്ചിനീയർ അടുത്ത യോഗത്തിൽ നൽകണം.

| ആകെ നിർമ്മാണ പ്രോജക്ടുകൾ (എണ്ണം) | റ്റി.എസ്, വെറ്റിംഗ് നടപടി പൂർത്തി യായവ (എണ്ണം) | ടെണ്ടർ നടപടി പൂർത്തി യായവ (എണ്ണം) | എഗ്രിമെന്റ് വച്ചവ (എണ്ണം) | നിർമ്മാണം തുടങ്ങിയവ (എണ്ണം) | പൂർത്തിയായവ | | നിർമ്മാണ പ്രവൃത്തികളുടെ ആകെ അടങ്കൽ (വികസന ഫണ്ട്) | ചെലവ് | ശതമാനം |
|---|---|---|---|---|---|---|---|---|---|
| | | | | | എണ്ണം | % | | | |
| | | | | | | | | | |

**നടപടി – 1) തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ**

## 2.3 (3.7)

പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി പ്രോജക്ടുകൾ പ്രത്യേകമായി പട്ടികജാതി/പട്ടികവർഗ്ഗ വികസന ഡയറക്ടർമാർ അവലോകനം ചെയ്യണം. ഇതിന്മേൽ സ്വീകരിച്ച നടപടി അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ ഡയറക്ടർമാർ നൽകണം.

**നടപടി – 1) പട്ടികജാതി വികസന ഡയറക്ടർ**
**2) പട്ടികവർഗ്ഗ വികസന ഡയറക്ടർ**

## 2.3 (3.9)

പദ്ധതി പുരോഗതി എസ്.എം.എസ് ആയി വകുപ്പുമേധാവികൾക്കും മറ്റ ബന്ധപ്പെട്ടവർക്കും നൽകാനുള്ള നടപടി.

**നടപടി – 1) ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ**

2.3(4.1)

**അയ്മനം ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.07.2019-ലെ കത്തും അയ്മനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.06.2019-ലെ കത്തും (SRG/19/CC - 364/19)**

അപ്പർ കുട്ടനാട് മേഖലയിൽ ഉൾപ്പെട്ടതാണ് അയ്മനം ഗ്രാമപഞ്ചായത്ത്. ഇവിടെ ഗ്രാവൽ മണ്ണിന്റെ മാർക്കറ്റ് നിരക്ക് LSGD - നിരക്കിനേക്കാൾ കൂടുതലാണ് ഇതിനാൽ ഗ്രാവൽ മണ്ണുപയോഗിച്ചുള്ള പ്രവൃത്തി നടപ്പാക്കാൻ ബുദ്ധിമുട്ടാണ്. പൊതു മരാമത്ത് പ്രവൃത്തിയായ പഞ്ചായത്തിലെ മണിയാംപറമ്പ് - ചീപ്പുങ്കൽ റോഡിന് എം ക്യൂബിന് 400/- രൂപ ഉൾപ്പെടെ പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയർ അംഗീകരിച്ചിട്ടുണ്ട്. 40 കിലോമീറ്റർ വരെ യഥാർത്ഥ കൺവയൻസും അംഗീകരിച്ചിട്ടുണ്ട്. ഈ നിരക്ക് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് പ്രവൃത്തികൾക്കും ബാധകമാക്കണമെന്നതു സംബന്ധിച്ച്.

ഇത് പരിശോധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

റിപ്പോർട്ട്:- പൊതു മരാമത്ത് വകുപ്പ് ഇപ്പോൾ നൽകുന്ന മണ്ണിന്റെ വിലയായ 400/- രൂപയും 40 കിലോ മീറ്റർ വരെ യഥാർത്ഥ കൺവേയൻസ് ചാർജ്ജും ഉൾപ്പെടുത്തിയാൽ ഗ്രാവൽ മണ്ണ് ഉപയോഗിച്ചുകൊണ്ടുള്ള പ്രവൃത്തികളുടെ നിലവിലെ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2.3(4.4)

**വിജയപുരം ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.07.2019-ലെ കത്തും വിജയപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.06.2019-ലെ A1-9156/18-ാം നമ്പർ കത്തും**

(SRG/586/19 )

**പ്രോ.നം. 27/20** **അടങ്കൽ 7,00,000/-**
**(വികസനഫണ്ട് - 5,00,000/-**
**തനത് ഫണ്ട് - 2,00,000/-)**

**പേര് :- സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണം**

സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണത്തിനുള്ള പ്രോജക്ട് ഈ വർഷം തയ്യാറാക്കിയിട്ടുണ്ട്. സർക്കാർ സ്കൂളുകളിലെ 7-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതോടൊപ്പം ഹൈസ്കൂളിലെ കുട്ടികൾക്കും എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും പ്രഭാത ഭക്ഷണം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ കഴിഞ്ഞ വർഷം എയ്ഡഡ് സ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം കൊടുത്ത

നടപടിക്ക് സാധൂകരണവും നൽകണമെന്നതു സംബന്ധിച്ച്. മുൻവർഷം എയ്ഡഡ് സ്കൂളുകളിൽ പ്രഭാതഭക്ഷണം നൽകിയത് സംബന്ധിച്ച് ഓഡിറ്റ് കുറിപ്പ് ഉണ്ടോ എന്നതടക്കമുള്ള വിവരങ്ങൾ അന്വേഷിച്ച് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി : 1)പഞ്ചായത്ത് ഡയറക്ടർ**

2.3(4.25)

**ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 26.07.2019- ലെ കത്ത് (SRG/699/19-CC/458/2019)**

**പ്രോ. നം. 52/20** **അടങ്കൽ - 11,00,000/- രൂപ**

**(വികസന ഫണ്ട്)**

**പേര് : കടുവിനാൽ സമൃദ്ധി കാർഷിക വിപണിക്ക് കെട്ടിടം.**

വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ കടുവിനാൽ സമൃദ്ധി കാർഷിക വിപണി കെട്ടിടം പണിയാൻ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നു. 1951-ലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതാണ് സമൃദ്ധി കാർഷിക വിപണി. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. ഈ സ്ഥാപനത്തിന്റെ ബൈലോയും കഴിഞ്ഞ 3 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും സഹിതം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് നൽകണം.

**നടപടി :1) ഗ്രാമ വികസന കമ്മീഷണർ**

2.3(4.26)

**മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 26.07.2019- ലെ കത്തും മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21-12-2018-ലെ 17(1)-ാം നമ്പർ തീരുമാനവും (SRG/701/19-CC/338/2019).**

ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ശ്രീമതി. പുഷ്പ, നമ്പുകുളങ്ങര ക്രമനമ്പർ 20 ആയി ഉൾപ്പെട്ടിട്ടുണ്ട്. ഇ.എം.എസ് ഭവന പദ്ധതിയിൽ ഇവർക്ക് 75000/- രൂപ നൽകിയിരുന്നു. എന്നാൽ പദ്ധതി പൂർത്തിയാക്കും മുൻപ് വീടും സ്ഥലവും വിറ്റു. പഞ്ചായത്തിൽ നിന്നും അനുവദിച്ച 75,000/- രൂപയും പലിശയായി 32475/- രൂപയുമടക്കം ഇയാൾ പഞ്ചായത്തിൽ അടച്ചു. ഇവർക്ക് ലൈഫ് പദ്ധതി പ്രകാരം വീടിനു ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്. ഇത് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരിശോധിച്ച് റിപ്പോർട്ട് നൽകണം.

**നടപടി : 1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ**

2.3(4.30)

**വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.08.2019-ലെ കത്ത് (SRG/751/19-CC/712/2018).**

**പ്രോ.നം. 20/20 അടങ്കൽ - 16,00,000/- രൂപ (വികസന ഫണ്ട് - ജനറൽ)**

**പ്രോ.നം. 21/20 അടങ്കൽ - 24,00,000/- രൂപ (എസ്.സി.പി)**

**പേര് : എം.എൻ ലക്ഷം വീട് - ഇരട്ടവീട് ഒറ്റ വീടാക്കൽ**

2019-20- ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എം.എൻ ലക്ഷം വീട് പദ്ധതിയിലെ ഇരട്ട വീട് ഒറ്റ വീടാക്കാനുള്ള പ്രോജക്റ്റിന് അനുമതി സംബന്ധിച്ച്. ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ആവശ്യമായ തുക മാറ്റി വച്ചിട്ടുണ്ടോ എന്നു പരിശോധിച്ച് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് നൽകണം.

**നടപടി : 1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ**

**3.പൊതുവിഷയങ്ങൾ**

===============

**4. പ്രത്യേക വിഷയങ്ങൾ**

=====================

## 4.1 പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.08.2019-ലെ കത്തും 14.05.2019-ലെ 5/8-ാം നമ്പർ ഭരണസമിതി തീരുമാനവും ( SRG 800/19 - CC/535/19)**

***പ്രോ.നം. 96/20 അടങ്കൽ 20,00,000/- രൂപ (അവാർഡ് തുക)***

***പേര്:- മഹതി ( സ്ത്രീ സൗഹൃദ മുറി)***

2017-18 സംസ്ഥാനത്തെ മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള അവാർഡ് തുകയായി 20.00 ലക്ഷം ലഭിച്ചിട്ടുണ്ട് ഈ തുക ഉപയോഗിച്ച് കേരള കലാമണ്ഡലം, ചേലക്കര ഗവ.ആർട്സ് & സയൻസ് കോളേജ് , ചേലക്കര ഗവ. പോളിടെക്നിക്ക്, ചേലക്കര IHRD സയൻസ് & ടെക്നോളജി കോളേജ് എന്നിവിടങ്ങളിലെ പെൺകുട്ടികൾക്കും അദ്ധ്യാപികമാർക്കും സ്ത്രീ സൗഹൃദ മുറി സജ്ജീകരിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.2 എറണാകുളം ജില്ലാ പഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2019-ലെ കത്തും അനുബന്ധരേഖകളും (SRG 790/19 - CC 492/19)**

ചൈനയിൽ രണ്ടാം വർഷം MBBS - ന് പഠിക്കുന്ന ആരതി.C.S. എന്ന വിദ്യാർത്ഥിക്ക് വിദേശ ഉപരി പഠനത്തിന് ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.3 ചിറക്കടവ് ഗ്രാമ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.07.2019-ലെ കത്തും ചിറക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.10.2019-ലെ D -113/19 (SRG - 589/19-ാം നമ്പർ കത്തും CC/371/19**

***പ്രോ.നം. 55/19*** ***അടങ്കൽ - 2,00,000/- രൂപ***

***(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്)***

***പേര് - 3-ാം മൈൽ വെൽഫയർ സെന്റർ മെയിന്റനൻസ്)***

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന 3-ാം മൈൽ വെൽഫയർ സെന്റർ മെയിന്റനൻസ് എന്ന പ്രോജക്ടിന് സാങ്കേതികാനുമതി ലഭിച്ചു. വെറ്റിംഗ് നടപടി പൂർത്തിയായില്ല. അതിനാൽ അന്തിമ ലിസ്റ്റിൽ ഈ പ്രോജക്ട് ഉൾപ്പെട്ടില്ല. ഈ കാരണത്താൽ സ്പിൽഓവറായി ഉൾപ്പെടുത്താൻ കഴിയുന്നില്ല. ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.4 ചിറക്കടവ് ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.07.2019-ലെ കത്തും ചിറക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.10.2019-ലെ D-113/19-ാം നമ്പർ കത്തും (SRG 588/19/CC/372/19)**

***പ്രോ.നം. 260/19*** ***അടങ്കൽ 2,00,000/- രൂപ (തനത് ഫണ്ട്)***

***പേര് - അരീക്കൽ കുടിവെള്ള പദ്ധതി ലൈൻ സ്ഥാപിക്കൽ***

2018- 19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന അരീക്കൽ കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിന് സാങ്കേതികാനുമതി ലഭിച്ചിരുന്നുവെങ്കിലും വെറ്റിംഗ് നടപടി പൂർത്തിയായിരുന്നില്ല. അതിനാൽ അന്തിമ ലിസ്റ്റിൽ ഈ പ്രോജക്ട് ഉൾപ്പെട്ടിരുന്നില്ല ഈ കാരണത്താൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.5 പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി

**പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാന്റെ 05.08.2019-ലെ PCPC/605/2019-ാം നമ്പർ കത്തും 29.08.2019-ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ മിനിട്സും ( ഖണ്ഡിക 4.10) ( SRG 755/19)**

24,000 കർഷകരുടെ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്നതാണ് പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി. കമ്പനിക്ക് വെളിച്ചെണ്ണ

ഉല്പാദിപ്പിക്കാനുള്ള പ്ലാന്റും, നീര, വെർജിൻ കോക്കനട്ട് ഓയിൽ, കോക്കനട്ട് വാട്ടർ, കയർ നിർമ്മാണത്തിനുള്ള യൂണിറ്റും ഇവിടെ ഉണ്ട്. കമ്പനിക്ക് പ്രവർത്തന മൂലധനത്തിൽ കുറവുള്ളതിനാൽ കോഴിക്കോട് ജില്ലാ പഞ്ചായത്തും കൊയിലാണ്ടി താലൂക്കിലെ ബ്ലോക്ക് പഞ്ചാത്തുകളും കൊയിലാണ്ടി മുനിസിപ്പാലിറ്റിയും താലൂക്കിലെ ഗ്രാമപഞ്ചായത്തുകളും കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.6 മണീട് ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2019-ലെ കത്തും 17.07.2019-ലെ 4-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 788/19 - CC/506/19)**

***പ്രോ.നം. 83/20 അടങ്കൽ - 1,20,000/- രൂപ( തനത് ഫണ്ട്)***

***പേര് - പഞ്ചകർമ്മ സെന്റർ സെന്റർ പ്രവർത്തനങ്ങൾ***

പഞ്ചായത്തിലെ ഏഴരക്കാട് ഗവ. ആയുർവേദാശുപത്രിയിൽ പഞ്ചകർമ്മ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി രണ്ടു താൽക്കാലിക ജീവനക്കാർക്ക് പ്രതിദിനം 400 /- രൂപ വീതം 6 മാസത്തേയ്ക്ക് വേതനം നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.7 തുറവൂർ ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2019-ലെ കത്തും ജില്ലാ പ്ലാനിംഗ് ഓഫീസറുടെ തന്നെ 07.08.2019 69351/19/CC/DPO/EKM നമ്പർ പ്രകാരമുള്ള റിപ്പോർട്ടും ( SRG/787/19 - CC/473/2019)**

***പ്രോ.നം. 98/20 അടങ്കൽ 1,00,000/- രൂപ (SCP)***

***പേര് - പട്ടികജാതി സങ്കേതത്തിൽ മിനി LED ഹൈമാസ്റ്റ്***

പഞ്ചായത്തിൽ 3-ാം വാർഡിലെ പട്ടികജാതി സങ്കേതത്തിൽ മിനി LED ഹൈമാസ്റ്റ് (SCP) സ്ഥാപിക്കാൻ ഫിസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. എന്നാൽ പട്ടികജാതി വിഭാഗക്കാരുടെ ക്ഷേത്രമായ ശ്രീ. കൊമരൻ ക്ഷേത്ര മതിൽ കെട്ടിനുള്ളിൽ ഹൈമാസ്റ്റ് സ്ഥാപിക്കത്തക്ക രീതിയിലാണ് ഫിസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിരിക്കുന്നത്. ക്ഷേത്രം സ്വകാര്യ ഭൂമി ആയതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.8 മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2019-ലെ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 30.7.2019-ലെ 2(1) -ാം നമ്പർ തീരുമാനവും**

***പ്രോ.നം. 10/20 അടങ്കൽ 6,00,000/- രൂപ***
***(വികസന ഫണ്ട് 4,00,000/- രൂപ***
***തനത് ഫണ്ട് 2,00,000/- രൂപ)***

***പേര് - അമ്മ മധുരം - ഗവൺമെന്റ് സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണം***

സർക്കാർ സ്കൂളിലെ 1 മുതൽ 7 വരെ പഠിക്കുന്ന കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്ന പദ്ധതിയിൽ എയ്ഡഡ് സ്കൂളിലെ കുട്ടികളെ കൂടി ഉൾപ്പെടുത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.9 ഉഴവൂർ ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2019-ലെ കത്ത് (SRG 786/19 - CC/484/19)**

***പ്രോ.നം.203/20*** ***അടങ്കൽ 40,000/- രൂപ (വികസനഫണ്ട്)***

***പേര് - ഗ്രാമപഞ്ചായത്ത് ഓഫീസ് - സി.സി. ക്യാമറ ദീർഘിപ്പിക്കൽ***

2018-19-ൽ ഗ്രാമപഞ്ചായത്ത് ഓഫീസിലും പരിസരത്തുമായി സിസി. ടി.വി ക്യാമറ സ്ഥാപിച്ചിരുന്നു. ഇതോടൊപ്പം 4 ക്യാമറ കൂടി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ജില്ലാ ആസൂത്രണസമിതി നിരസിച്ച ഈ പ്രോജക്റ്റിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.10 ഉഴവൂർ ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2019-ലെ കത്ത് (SRG 794/19 - CC/485/19)**

***പ്രോ.നം.70/20*** ***അടങ്കൽ 1,00,000/- രൂപ (വികസനഫണ്ട് - 75,000/- രൂപ തനത് ഫണ്ട് - 25,000/- രൂപ)***

***പേര് - മാതൃ വന്ദനം - നവജാത ശിശുക്കൾക്കും അമ്മമാർക്കും ആരോഗ്യ പരിരക്ഷ***

പഞ്ചായത്തിലെ ബി.പി.എൽ കുടുബങ്ങളിലെ നവജാത ശിശുക്കളുടേയും അമ്മമാരുടേയും ആരോഗ്യ പരിരക്ഷാർത്ഥം ആയുർവേദ മരുന്നുകൾ വിതരണം ചെയ്യുന്നതിനുള്ള ഈ പ്രോജക്റ്റിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.11 പല്ലശ്ശന ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2019-ലെ കത്ത് (SRG 803/19 - CC/537/19)**

***പ്രോ.നം.65/20*** ***അടങ്കൽ 6,00,000/- രൂപ (വികസനഫണ്ട്)***

***പ്രോ.നം. 66/20*** ***അടങ്കൽ 6,00,000/- രൂപ ( എസ്.സി.പി)***

***പേര് - സർക്കാർ സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം (ജനറൽ)***
***സർക്കാർ സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം ( എസ്.സി.പി)***

സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിന് 2 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉണ്ട്. ഭക്ഷണം നൽകുന്നതിന് ഇ-ടെണ്ടറിലൂടെ ഏജൻസിയെ കണ്ടെത്തുന്നതിനു പകരം കുടുംബശ്രീ യൂണിറ്റുകളെ ഏൽപ്പിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.12 എറണാകുളം ജില്ലാ കളക്ടറുടെ 16.10.2019-ലെ 69351/19/CC/DPO/EKM നമ്പർ കത്ത്

ഐ.ടി. സാമഗ്രികളുടെ വാങ്ങലുകൾ പൂർണ്ണമായും CPRCS പോർട്ടലിലൂടെ ആയിരിക്കണമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് നൽകുന്ന മിഡ് ലെവൽ ലാപ് ടോപിന്റെ സ്പെസിഫിക്കേഷനും വിലയും ഐ.ടി. മിഷൻ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കോഓർഡിനേഷൻ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഈ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ലാപ് ടോപ് CPRCS ന്റെ പോർട്ടിലിൽ ലഭ്യമല്ല എന്ന് അറിയിച്ചിരിക്കുന്നു. ഇതു കാരണം ലാപ് ടോപ് വാങ്ങാൻ അവ്യക്തത നിലനിൽക്കുന്നുവെന്നും പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

## 4.13 താന്ന്യം ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.08.2019-ലെ കത്തും 26.07.2019-ലെ 1(1)/19-ാം നമ്പർ ഭരണസമിതി തീരുമാനവും ( SRG/795/19/CC/475/19)**

അഗതി രഹിത കേരളം പദ്ധതിക്കായി ലഭിച്ച വിഹിതത്തിൽ 8,99,800/- രൂപ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഉണ്ട്. സംസ്ഥാനമിഷൻ അംഗീകരിച്ചതനുസരിച്ച് 5 ഗുണഭോക്താക്കൾക്ക് വീട് നൽകേണ്ടതുണ്ട്. പഞ്ചായത്തിൽ ലഭ്യമായ വിഹിതത്തിൽ നിന്ന് 8.00 ലക്ഷം രൂപ ഉപയോഗിച്ച് 5 ഗുണഭോക്താക്കളിൽ നിന്ന് രണ്ടു പേർക്ക് വീട് നിർമ്മിച്ചു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.14 മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ

**മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20.08.2019-ലെ MRDF/CFM/TMR/Mix 2019-20/696-ാം നമ്പർ കത്ത് ( SRG 807/19)**

മിൽമ മലബാർ യൂണിയന്റെ അനുബന്ധ സ്ഥാപനമായ മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ 2015 മുതൽ ടോട്ടൽ മിക്സഡ് റേഷൻ (TMR) എന്ന കാലിത്തീറ്റ നിർമ്മിക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ വിതരണത്തിനായി കാലിത്തീറ്റ വാങ്ങുമ്പോൾ അംഗീകൃത സ്ഥാപനമായി MRDF നെ കൂടി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

## 4.15 ആലപ്പുഴ ജില്ലാ പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.08.2019-ലെ കത്ത് ( SRG 814/19 - CC/530/2019)**

***പ്രോ.നം. 7/20*** ***അടങ്കൽ - 72,00,000/- രൂപ***

***പേര് - പാലിയേറ്റീവ് സൊസൈറ്റികൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ***

2018-19-ൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ രജിസ്റ്റർ ചെയ്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ സൊസൈറ്റി കൾക്കും പി.എച്ച്.സികൾക്കും പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങൾ വാങ്ങി നൽകിയിരുന്നു. (കഴിഞ്ഞ വർഷത്തെ ആകെ ചെലവ് 71,89,619/- രൂപ). ഈ വർഷവും ഇതിനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. പി.എച്ച്.സിയോടൊപ്പം സി.എച്ച്.സി. കൾക്കും ഉപകരണങ്ങൾ വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.16 പൊന്മുണ്ടം ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.08.2019-ലെ കത്തും അനുബന്ധ രേഖകളും ( SRG /815/19 CC/544/19)**

***പ്രോ.നം. 111/20*** ***അടങ്കൽ 21,54,800/- രൂപ***

***പേര് - ലൈഫ് ഭവന പദ്ധതി***

2019-20 -ൽ ലൈഫ് ഭവന പദ്ധതിക്ക് പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം അർഹരായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ തുക ചെലവഴിക്കാൻ കഴിയില്ല എന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. വീട്ടു വാസയോഗ്യമാക്കാനും മേൽക്കൂര മാറ്റാനുമായി ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിനു ഗുണഭോക്താക്കൾ കൂടുതൽ ഉള്ളതിനാൽ ലൈഫ് പദ്ധതിക്ക് മാറ്റി വച്ച ഈ തുക ഈ പ്രോജക്ടുകളിലേയ്ക്ക് മാറ്റാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.17 പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.09.2019-ലെ കത്ത് ( SRG 817/19 - CC/571/19)**

***പ്രോ.നം. 33/20*** ***അടങ്കൽ 72,000/- രൂപ***

***പേര് :- 8, 9, 10 ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ***

2019 - 20-ലെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.18 ചാലിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2019-ലെ കത്തും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.08.2019-ലെ കുറിപ്പും 26.09.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനവും - ഖണ്ഡിക 2.4 (4.16) (SRG 738/19)**

പഞ്ചായത്തിൽ ക്ലീൻ ചാലിയാർ പദ്ധതിയുടെ ഭാഗമായി അജൈവ മാലിന്യങ്ങൾ എനർജി പ്ലാന്റിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ട്രാൻസ് പോർട്ടേഷൻ ചെലവ് ശുചിത്വ മേഖലയ്ക്കായി മാറ്റി വച്ചിരിക്കുന്ന 10 ശതമാനം തുകയിൽ നിന്ന് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.
ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം 2019 മെയ് വരെ 7,02,568/- രൂപയാണ് പ്രവർത്തന നഷ്ടം. 2019 മെയ് വരെ 4,79,068/- രൂപ വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭിച്ചു. ഇതു കുറച്ചാലുള്ള നഷ്ടം 2,23,500/- രൂപയാണ്.

**4.19 പുതുക്കോട് ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.09.2019-ലെ കത്ത് ( SRG 846/19 - CC/568/19)**

പുതുക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഒരു ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിച്ചിട്ടുണ്ട്. ഇവർക്ക് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വേതനം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.20 കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.09.2019-ലെ കത്ത് ( SRG/847/19 - CC/599/19)**

***പ്രോ.നം. 187/20*** ***അടങ്കൽ 25,05,000/- രൂപ***
***വികസനഫണ്ട് ( 1,65,000/- രൂപ)***
***എഫ്.സി (23,40,000/- രൂപ)***

***പേര് - കക്കൂസ് പുനരുദ്ധാരണം***

കക്കൂസ് പുനരുദ്ധാരണത്തിനുള്ള ഈ പ്രോജക്ടിൽ പ്രധാന വിഹിതം ധനകാര്യ കമ്മീഷൻ ഗ്രാന്റാണ്. ഇതു നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.21 കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.09.2019-ലെ കത്ത് ( SRG 848/19 - CC/600/19)**

***പ്രോ.നം. 189/20*** ***അടങ്കൽ - 10,05,000/- രൂപ (എസ്.സി.പി)***

***പേര് - കക്കൂസ് പുനരുദ്ധാരണം***

കക്കൂസ് പുനരുദ്ധാരണത്തിനുള്ള ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.22 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.09.2019-ലെ കത്ത് ( SRG 842/19 - CC/529/19)**

***പ്രോ.നം. 32/20*** ***അടങ്കൽ - 38,50,000/- രൂപ***
***( വികസന ഫണ്ട് - 19,25,000/- രൂപ)***
***ഗുണഭോക്തൃ വിഹിതം - 19,25,000/- രൂപ )***

***പേര് - ക്ഷീരാമൃതം***

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ പ്രോജക്ടിൽ പശുക്കളെ വാങ്ങി നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സർക്കാർ ഉത്തരവ് പ്രകാരം പശുക്കളെ സംസ്ഥാനത്തിനു പുറത്തു നിന്നാണ് വാങ്ങേണ്ടത്. സംസ്ഥാനത്തിനകത്തു നിന്നു തന്നെ വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.23 ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.10.2019-ലെ കത്ത് ( SRG 873/19 - CC/654/19)**

***പ്രോ.നം. 42/20*** ***അടങ്കൽ - 20,00,000/- രൂപ***
***( വികസന ഫണ്ട് - 10,91,200/- രൂപ)***
***തനത് ഫണ്ട് - 9,08,800/- രൂപ )***

***പേര് - പ്രൈമറി സ്കൂളുകളിൽ പ്രഭാത ഭക്ഷണം***

പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം വിതരണം ചെയ്യാനുള്ള ഈ പ്രോജക്ടിൽ എയ്ഡഡ് സ്കൂളുകളിലെ കുട്ടികളേയും ഉൾപ്പെടുത്തിയിരിക്കുന്നു (നാല് സർക്കാർ സ്കൂളുകളും നാല് എയ്ഡഡ് സ്കൂളുകളും) എയ്ഡഡസ് സ്കൂളുകളിലെ കുട്ടികൾക്കും പ്രഭാത ഭക്ഷണം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.24 പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.09.2019-ലെ കത്ത് ( SRG 852/19 - CC/589/19)**

***പ്രോ.നം. 69/20*** ***അടങ്കൽ - 4,00,000/- രൂപ***
***( ധനകാര്യ കമ്മീഷൻ ഗ്രാന്റ്)***

***പേര് - മാലിന്യ നിക്ഷേപം തടയുന്നതിന് പൊതു സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ***

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി 9 നിരീക്ഷണ ക്യാമറ സ്ഥാപിക്കാനുള്ള നൂതന ഗണത്തിൽപ്പെട്ട പ്രോജക്ടാണിത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചുള്ളതായതിനാൽ 02.09.2019-ൽ കൂടിയ നൂതന പ്രോജക്ടിനുള്ള ജില്ലാതല സമിതി ഇതിന് അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.25 അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.09.2019-ലെ കത്ത് ( SRG 853/19 - CC/579/19)**

***പ്രോ.നം. 4/20*** ***അടങ്കൽ - 28,50,000/- രൂപ***

***( വികസന ഫണ്ട് - 25,65,000/- രൂപ)***

***ഗുണഭോക്തൃ വിഹിതം - 2,85,000/- രൂപ )***

***പേര് - കൊയ്ത്ത് മെതിയന്ത്രം വാങ്ങി നൽകൽ***

മാർഗ്ഗരേഖ പ്രകാരം കൊയ്ത്ത് യന്ത്രവും മെതിയന്ത്രവും വാങ്ങി നൽകാൻ അനുമതിയുണ്ടെങ്കിലും ഇതു രണ്ടും ചേർന്നുള്ള കൊയ്ത്ത് മെതിയന്ത്രം വാങ്ങി നൽകുന്നത് സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല. അതിനാൽ ഇതു വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.26 കോട്ടയം ജില്ലാ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.10.2019-ലെ കത്ത് ( SRG 593/19 - CC/406/19)**

***പ്രോ.നം. 418/20*** ***അടങ്കൽ - 14,70,000/- രൂപ (എസ്.സി.പി)***

***പേര് - കങ്ങഴ ഡിവിഷൻ - എസ്.സി. വനിതകൾക്ക് കറവ പശുക്കളെ വാങ്ങാൻ ധനസഹായം നൽകുക***

കങ്ങഴ ഡിവിഷനിലേയ്ക്ക് കറവ പശുക്കളെ വാങ്ങാൻ ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് പ്രോജക്ട് ഏറ്റെടുക്കാവുന്നത് എന്നതിനാൽ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

## 4.27 കാസർഗോഡ് ജില്ലാ പഞ്ചായത്ത്

**തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.10.2019-ലെ DB3-753/2013/CE/തസ്വഭവ നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 20.06.2019-ലെ 4.16-ാം നമ്പർ തീരുമാനവും ( SRG896/19)**

2018-19-ൽ ബളാൽ രാജപുരം റോഡ് മെക്കാഡം ടാറിംഗ് എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. (പ്രോ.നം. 39/19) വെറ്റിംഗ് ഓഫീസർ ചില ഭേദഗതി കൾ നിർദ്ദേശിച്ചിരുന്നതിനാൽ വെറ്റിംഗ് 2019 മാർച്ചിനകം പൂർത്തിയായില്ല. അതിനാൽ 2019-20 - ലേയ്ക്ക് സുലേഖ സോഫ്റ്റ് വെയറിൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല. ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇത് പുതിയ പ്രോജക്ടായി 2019-20-ൽ എടുക്കാൻ 20.06.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു.

എന്നാൽ ഈ പ്രോജക്ടിന് 18.02.2019-ൽ സാങ്കേതികാനുമതി ലഭിച്ചതനുസരിച്ച് 2019 മാർച്ചിൽ തന്നെ ടെണ്ടർ ചെയ്യുകയും കുറഞ്ഞ

നിരക്ക് രേഖപ്പെടുത്തിയ ശ്രീ. പ്രിൻസ് കെ.വി, കരിമ്പനയ്ക്കാൽ എന്ന ആളെ പ്രവൃത്തി ഏൽപ്പിക്കുകയും നിർമ്മാണം ഇപ്പോൾ പുരോഗതിയിലുമാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ കാസർഗോഡ് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച മാപ്പാക്കി ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.